**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2943** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർവാഹന വകുപ്പുമായി ബന്ധപ്പെട്ട് ഒരു വ്യക്തിക്ക് ഓഫീസ് സന്ദർശിക്കാതെ പൂർണ്ണമായും ഓൺലൈൻ വഴി പൂർത്തീകരിക്കാവുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | ഡ്രൈവിംഗ് ടെസ്റ്റ് ഒഴികെ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച എല്ലാവിധ സേവനങ്ങളും ഫാൻസി നമ്പർ റിസർവേഷൻ, വാഹനങ്ങളുടെ നികുതിയടവ്, വിവിധ പെർമിറ്റുകൾ സംബന്ധിച്ച സേവനങ്ങൾ ഉൾപ്പെടെ 36 സേവനങ്ങൾ ഓഫീസിൽ പോകാതെ പൂർണ്ണമായും ഓൺലൈൻ മുഖാന്തിരം ലഭ്യമാണ്. പഴയ സോഫ്റ്റ്‌വെയറിൽ നിന്നും ഡാറ്റ വാഹൻ സാരഥിയിലേക്ക് മാറ്റിയിട്ടുണ്ട്. ഇത്തരത്തിൽ മാറ്റപ്പെട്ടിട്ടുള്ള ലൈസൻസ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയവയിൽ ചിലതിന് ഡാറ്റയിലുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഇ-മെയിൽ മുഖാന്തിരമോ ഫോൺ മുഖേനയോ നേരിട്ടോ ശ്രദ്ധയിൽപ്പെടുമ്പോൾ വേഗത്തിൽ തന്നെ പരിഹരിച്ചു കൊടുക്കുന്നുണ്ട്. ഓൺലൈൻ മുഖാന്തിരം ലഭ്യമാകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ